ഡിവിഷൻ ആഫീസിനുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതെല്ലാം പ്രദേശത്താണ് ഇനിയും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത്; ഇതുപരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിലുള്ള സെക്ഷനുകളിൽ 25 കിലോമീറ്റർ 11 കെ.വി. ലൈൻ, 64 ട്രാൻസ്ഫോർമർ, 208 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 9.5 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 107 കിലോമീറ്റർ കൺവർഷൻ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 6.16 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) കുന്നംകുളം ഡിവിഷനുകീഴിലുള്ള പോർക്കളങ്കാട്, ഇയ്യാൽ, കടവല്ലൂർ, അയിനൂർ, തൊഴിയൂർ, മന്ദലാംകുന്ന്, കൊച്ചന്നൂർ, അയിനിപ്പാറ, പുത്തൂർ, കുറുമാൽ, പുത്തനങ്ങാടി, ചൊവ്വല്ലൂർപ്പടി, മാമബസാർ, വഞ്ചിക്കടവ്, അഞ്ചങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടി പ്രദേശങ്ങളിൽ വോൾട്ടേജ് സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകളിലായി 16 കിലോമീറ്റർ 11 കെ.വി. ലൈൻ, 34 ട്രാൻസ്ഫോർമർ, 164 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 4 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 24 കിലോമീറ്റർ കൺവർഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 3.52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

49 (389) ശ്രീ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കടമ്പഴിപ്പുറത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2012-ൽ നടത്തിയ സാധ്യതാപഠനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു സബ്സ്റ്റേഷന്റെ ആവശ്യകതയില്ലെന്ന് കണ്ടെത്തുകയുണ്ടായി. പിന്നീട് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം വീണ്ടും നടത്തിയ സാങ്കേതിക പരിശോധനയിൽ കടമ്പഴിപ്പുറം പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഇല്ലെന്നും ദീർഘദൂര 11 കെ.വി. ലൈനുകളിലൂടെ ഈ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നതിനാൽ പ്രകൃതിക്ഷോഭം മൂലമായ കാരണങ്ങളാൽ വൈദ്യുതി തടസ്സങ്ങൾ പതിവാകുന്നുവെന്നും വ്യക്തമായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ടി സ്ഥലത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് , ഇതുസംബന്ധിച്ച് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാനും ഇപ്പോഴത്തെ നിലയിലുള്ള ഒരു സാങ്കേതിക പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള 15 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജോലികൾ ആരംഭിക്കാവുന്നതാണ്.

കാസർഗോഡ് താപനിലയം ആരംഭിക്കാൻ നടപടി

50 (390) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദ്രവീകൃത ഇന്ധനം ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ താപനിലയം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly